**<u>പതിമൂന്നാം കേരള നിയമസഭ</u>**

**<u>അഞ്ചാം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 141 11-06-12 ൽ മറുപടിക്ക്**

**<u>2011-12 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുക</u>**

<table>
<tr><td colspan="2">ചോദ്യം:</td><td colspan="2">ഉത്തരം:</td></tr>
<tr><td colspan="2">ശ്രീമതി.കെ.എസ്.സലീഖ :</td><td colspan="2">ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>2011-12 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ ;</td><td>(എ)</td><td>അക്കൗണ്ടന്റ് ജനറലിന്റെ (കേരള) താൽക്കാലിക കണക്കനുസരിച്ച് 2011-12 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് താഴെ ചേർത്തിരിക്കുന്നു.
<table>
<tr><th>നികുതി വരവിനങ്ങൾ</th><th>2011-12 (തുക കോടിയിൽ)</th></tr>
<tr><td>കോർപ്പറേഷൻ നികുതി</td><td>2357.91</td></tr>
<tr><td>കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായ നികുതികൾ</td><td>1197.69</td></tr>
<tr><td>കാർഷികാദായ നികുതി</td><td>42.87</td></tr>
<tr><td>ഭൂനികുതി</td><td>60.75</td></tr>
<tr><td>മുദ്രപ്പത്രവും രജിസ്ട്രേഷനും</td><td>2986.32</td></tr>
<tr><td>സമ്പത്ത് നികുതി</td><td>9.10</td></tr>
<tr><td>കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ</td><td>59.11</td></tr>
<tr><td>കസ്റ്റംസ് തീരുവ</td><td>1038.62</td></tr>
<tr><td>കേന്ദ്ര എക്സൈസ് തീരുവ</td><td>672.08</td></tr>
<tr><td>സംസ്ഥാന എക്സൈസ്</td><td>1883.18</td></tr>
<tr><td>വിൽപ്പന നികുതി</td><td>18939.88</td></tr>
<tr><td>വാഹനനികുതികൾ</td><td>1587.13</td></tr>
<tr><td>വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും</td><td>21.28</td></tr>
<tr><td>സേവന നികുതി</td><td>715.01</td></tr>
<tr><td>ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും</td><td>138.89</td></tr>
<tr><td>ആകെ നികുതി വരവ്</td><td>31709.82</td></tr>
</table></td></tr>
<tr><td>(ബി)</td><td>2011-12 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചത് ;</td><td>(ബി)</td><td>2011-12 സാമ്പത്തിക വർഷം 32818.50 കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചത്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുള്ള പക്ഷം ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ മാസവും വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെ യോഗം കൂടുകയും നികുതി വരുമാനം സംബന്ധിച്ച് അവലോകനം നടത്തുകയും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.<br>നികുതി പിരിവ് കാര്യക്ഷമവും ഫലപ്രദവുമാക്കാൻ പദ്ധതികൾക്ക് വാണിജ്യനികുതി വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 75 ആയി വർദ്ധിപ്പിക്കുകയും വാഹന പരിശോധന ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ വഴി വരുന്ന വാഹനങ്ങൾ ഓവർ ചെക്കിംഗ് നടത്തുകയും, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഇന്റലിജൻസ് വിഭാഗം ഏറ്റെടുത്ത് നടത്തുകയും ചെയ്തുവരുന്നു. നികുതി വെട്ടിച്ച് കടത്തിവരുന്ന സാധനങ്ങൾ വാഹന പരിശോധനയിലൂടെയും ചെക്ക് പോസ്റ്റ് സംവിധാനത്തിലൂടെയും കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ നിഷ് കർഷിക്കുന്ന വിധത്തിൽ ജാമ്യത്തുക ഈടാക്കി വിടുകയോ ഉടമസ്ഥാവകാശം തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിൽ ലേലം ചെയ്ത് മുഴുവൻ തുകയും സർക്കാർ ഖജനാവിലേക്ക് അടയ്ക്കുകയും ചെയ്തുവരുന്നു. കൂടാതെ ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചു. ഊടുവഴികളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന ശക്തമാക്കി. എല്ലാ ജില്ലകളിലും ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസുകൾ സ്ഥാപിച്ചു.<br>ഇതിനുപുറമേ റെയിൽ, ലക്ഷ്വറി ബസ് എന്നിവയിലൂടെ ധാരാളം സാധനങ്ങൾ നികുതി വെട്ടിപ്പുനടത്തി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുന്നു.<br>നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യനികുതി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സെല്ലിൽ രജിസ്ട്രേഡ് ഡീലേഴ്സ് ഇ-ഫയലിംഗ് മുഖേന |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന റിട്ടേണിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രീയമായ വിശകലനം ചെയ്ത് നികുതി കുറച്ചു നൽകുന്ന കച്ചവടക്കാരുടെ കണക്കുകൾ ഒത്തു നോക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തെ കൊണ്ട് അവരുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിലേക്കും വേണ്ടി ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പുതിയതായി ഒരു ഡാറ്റാ മൈനിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ